പ്രത്യേക പരാമർശം

ശ്രീ. എ. കെ. ബാലൻ: സർ, ഒന്നേകാൽ മണിക്ക് നിയമസഭാ ക്യാന്റീനിൽ ഞാൻ പോയപ്പോൾ ഭക്ഷണവും വെള്ളവുമില്ല. തീർന്നു. ആർക്കുവേണ്ടിയാണ് അത് നടത്തുന്നത് ?

മി. ഡെപ്യൂട്ടി സ്പീക്കർ: അസംബ്ലി ക്യാന്റീനിലാണോ ?

ശ്രീ. എ. കെ. ബാലൻ: സർ, അതെ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ചേമ്പറിൽ ഞാൻ വന്നു നോക്കിയപ്പോൾ അങ്ങയെ കാണുന്നില്ല. അങ്ങ് അപ്പോൾ അവിടെ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ പ്രകോപിതനാകുമായിരുന്നു. സെക്രട്ടറിയെ കണ്ട് വിവരം പറഞ്ഞു. എന്താണ് ഇവിടെ നടക്കുന്നത്? ഹോസ്റ്റലിലെ സ്ഥിതി എന്താണെന്ന് എം.എൽ.എ.മാരോട് ചോദിക്കണം. എത്രപ്രാവശ്യമാണ് ഇത് പറയുന്നത്? ഞാൻ ഇപ്പോൾ ഭക്ഷണം കഴിക്കാതെയാണ് ഇവിടെ വന്നിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ഏർപ്പാട് ചെയ്യാം. അവിടെ എന്തു സംഭവിച്ചുവെന്ന് പരിശോധിക്കാം. ഇനി ഇത് സംഭവിക്കാതെ ചെയർ ശ്രദ്ധിക്കാം. നാളെ മുതൽ ഇത് സംഭവിക്കാതെ പ്രത്യേകം ശ്രദ്ധിക്കാം.

ശ്രീ. എ. കെ. ബാലൻ : ..... (മൈക്ക് ഓഫ്).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് ബഹുമാനപ്പെട്ട ചെയറിന് മുൻപിൽ ഈ പ്രശ്നം അവതരിപ്പിച്ചത്. നാളെ ഭക്ഷണം തരാമെന്ന് പറഞ്ഞിട്ട് എന്താണ് കാര്യം ? ഇപ്പോഴല്ലേ ഭക്ഷണം വേണ്ടത്. എന്തെങ്കിലും അറേഞ്ച്മെന്റ് ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭക്ഷണം ഇപ്പോൾ എത്തിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, എം.എൽ.എ. ഹോസ്റ്റലിൽ ആളുകൾക്ക് പ്രവേശനം അനുവദിക്കാത്തതുകൊണ്ട് കച്ചവടം ഇല്ലായെന്നുപറഞ്ഞ് ക്യാന്റീൻകാർ പൂട്ടിപോകുകയാണ്. എം.എൽ.എ.-മാർ ഇവിടെ വന്നാൽ വായു ഭക്ഷണം കഴിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, എം.എൽ.എ. ഹോസ്റ്റലിൽ എം.എൽ.എ. മാരെ കാണാൻ വരാൻ ആർക്കും നിർവ്വാഹമില്ല. അവിടെയുള്ള ക്യാന്റീൻ പൂട്ടി അവർ പോകുകയാണ്. എം.എൽ.എ.മാർ താമസിക്കുന്ന സ്ഥലത്ത് അവർ സ്വന്തമായി ഭക്ഷണം ഉണ്ടാക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രശ്നം നേരത്തെയും ഇവിടെ ഉണ്ടായിരുന്നു. കഴിഞ്ഞയാഴ്ച ഇക്കാര്യം എല്ലാ കക്ഷിനേതാക്കളും കൂടിയിരുന്ന് ആലോചിച്ചു. അതിൻപ്രകാരം എം.എൽ.എ.മാരെ കാണാൻ വരുന്നവരുടെ നിയന്ത്രണം

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും മാറ്റിയിട്ടുണ്ട്. വരുന്നവർ ഏത് എം.എൽ.എ.യെ കാണാൻ പോകുന്നുവെന്ന് പറഞ്ഞാൽ മതി. എം.എൽ.എ.യെ കാണാനാണെങ്കിൽ ആര് വന്നാലും അകത്തേക്ക് കയറ്റിവിടും. ഇപ്പോൾ ആ നിയന്ത്രണം ഇല്ല. ഇതിൽ ചർച്ച പാടില്ല. ഇത് ചർച്ച ആക്കേണ്ട.

ഡോ. കെ. ടി. ജലീൽ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആണ് വളരെ ലാഘവത്തോടുകൂടി സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. നിരവധി വിപ്ലവകരമായ നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യം വഹിച്ച നിയമ നിർമ്മാണ സഭയാണ് നമ്മുടേത്. ആ നിയമനിർമ്മാണസഭയിലാണ് തീർത്തും പ്രതിലോമപരവും പിന്തിരിപ്പനുമായ ഒരു നിയമ നിർമ്മാണത്തിന് ഇന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരണാനുമതി തേടി അവതരിപ്പിച്ചിരിക്കുന്നത്. കേരള നിയമസഭാ ചരിത്രത്തിലെ ഒരു ദുർദിനമാണ് ഇന്ന്. ഓട്ടോണമസ് കോളേജുകൾ എന്ന ദുർഭൂതത്തിനുമുൻപിൽ നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം പകച്ചുനിൽക്കുകയാണ്. ഓട്ടോണമസ് കോളേജുകൾ ആരംഭിക്കാൻ സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ സഭയിൽ വരുകയും അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി പോകുകയും ചെയ്തു. സഭയിലേയ്ക്ക് ഇനി അത് മടങ്ങി വരാതിരിക്കട്ടെയെന്ന് സാമൂഹ്യബോധമുള്ള ഓരോ ജനപ്രതിനിധിയും ആഗ്രഹിച്ചിരുന്നു. ഈ ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് സഭയ്ക്കകത്ത് വരേണ്ടതായിരുന്നു. പക്ഷെ മുസ്ലീം ലീഗിലെ ഉത്തരവാദപ്പെട്ട സാമൂഹ്യപ്രതിബദ്ധതയുള്ള പല അംഗങ്ങളുടെയും ഇടപെടലുകളെ തുടർന്നാണ് തൽക്കാലത്തേയ്ക്കെങ്കിലും നീട്ടിവയ്ക്കാനുള്ള സ്ഥിതി ഉണ്ടായത്. ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെയാണ് ഞാൻ ആദ്യംതന്നെ ചോദ്യം ചെയ്യുന്നത്. ഓട്ടോണമസ് കോളേജുകൾ അനിവാര്യമാണെന്നാണ് സർക്കാർ കരുതുന്നതെങ്കിൽ ആദ്യം ആ പരിഷ്കാരം ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നടപ്പിലാക്കി വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ വ്യാപകമാക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടിയിരുന്നത്. കേരളത്തിലെ മൂന്ന് മേഖലകളിലെ മൂന്ന് സർക്കാർ കോളേജുകളിൽ ഓട്ടോണമസ് കോളേജ് ആരംഭിക്കാൻ തത്വത്തിൽ തീരുമാനിക്കുക. മൂന്ന് റീജിയണുകളിൽനിന്നും മൂന്ന് ഗവൺമെന്റ് കോളേജുകൾ തെരഞ്ഞെടുക്കുക. യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് അല്ലെങ്കിൽ മീൻചന്ത ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്. ഈ മൂന്ന മേഖലകളിൽനിന്നും മൂന്ന് ഗവൺമെന്റ് കോളേജുകളെ തെരഞ്ഞെടുത്ത് സ്വയംഭരണാവകാശ കോളേജുകൾ ആരംഭിക്കുകയും അതിന്റെ വരുംവരായ്കകൾ എന്താണെന്ന് മനസ്സിലാക്കിയതിനുശേഷം മറ്റ് കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന രീതിയാണ് ഉണ്ടാകേണ്ടിയിരുന്നത്. അവയുടെ നേട്ടകോട്ടങ്ങളുടെ അടിസ്ഥാനത്തിലാകണം വ്യാപകമായി സ്വയംഭരണാവകാശ കോളേജുകൾ ആരംഭിക്കാനുള്ള നീക്കം. ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly